Rotary
Club of Pilathara
Club No : 78753 RI District : 3204

THE MAGIC OF ROTARY


Rtn.Stephanie Urchick
RI President 2024-25


Rtn.MD Santhosh Sreedhar
Dist. Governor 2024-25

# Rhythm

പിലാത്തറ റോട്ടറി ക്ലബ് ആൻസ് ഫോറം മാഗസീൻ - 2025




റോട്ടറി ക്ലബുകൾക്കിടയിൽ പിലാത്തറ റോട്ടറി ക്ലബിന് പ്രഥമഗണനീയമായ സ്ഥാനമാണുള്ളത്. പ്രവർത്തന മികവും, ഏറ്റെടുക്കുന്ന പ്രൊജക്ടുകളുടെ മേൻമയും കൂട്ടായ്മയുംനമ്മുടെ ക്ലബിന്റെ എടുത്തു പറയാവുന്ന സവിശേഷതകളാണ്. അതുകൊണ്ട് തന്നെയാണ് നമുക്ക് ഒട്ടേറെ അംഗീകാരങ്ങൾ നേടുവാനും സാധിച്ചിട്ടുള്ളത്. പിലാത്തറ റോട്ടറി ക്ലബിന്റെ മുന്നോട്ടുള്ള പ്രയാണത്തിലെ അവിഭാജ്യ ഘടകമാണ് ആൻസ് ഫോറം എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നിരവധി പ്രൊജക്ടുകൾ, വൈവിധ്യമാർന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ആൻസ് ഫോറത്തിന് സാധിച്ചിട്ടുണ്ട്. നിരവധി മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, സ്വയംതൊഴിൽ സംരഭകത്വ പരിശീലനങ്ങൾ എന്നിവ അവയിൽ ചിലതുമാത്രം. ആൻസ് ഫോറത്തിന്റെ കൂട്ടായ്മയാണ് ഈ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്നത്. ഓരോ പരിപാടിയുടെയും വിജയം കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നേറുവാനുള്ള ഊർജം പകർന്നു നൽകുന്നു. നമുക്ക് മുന്നേറാം ഇനിയും കരുത്തോടെ ഒത്തൊരുമയോടെ..... പിലാത്തറ റോട്ടറി ക്ലബ്ബിന്റെ പ്രശസ്തി വാനോളം ഉയർത്താം...

**ആൻ തങ്കമണി ദാമോദരൻ,**
(സെക്രട്ടറി)

**ആൻ ദീപ ഗിരീഷ്,**
(പ്രസിഡന്റ്)



ആൻസ് ഫോറം ഭാരവാഹിത്വം ഏറ്റെടുക്കുമ്പോൾ തന്നെ ഫോറത്തിൻ്റെ പ്രവർത്തനങ്ങളും ആൻസ് ഫോറം അംഗങ്ങളുടെ സർഗാത്മക രചനകളും ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു മാഗസിൻ പ്രസിദ്ധീകരിക്കണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. ഈ ആശയം മുന്നോട്ടു വെച്ചപ്പോൾ തന്നെ ഭൂരിഭാഗം അംഗങ്ങളും അതിനെ ഏറ്റെടുക്കുകയും രചനകൾ അയച്ചുതരികയും ചെയ്തു. വരും നാളുകളിലും ഇത്തരം സർഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഈ സദുദ്യമത്തിന് എല്ലാ പിന്തുണയും നൽകിയ എല്ലാ പ്രിയപ്പെട്ടവരോടുമുള്ള അകമഴിഞ്ഞ കൃതജ്ഞതയും രേഖപ്പെടുത്തട്ടെ.



ആൻ **ദീപ ഗിരീഷ്,**
(എഡിറ്റർ)

# പ്രവർത്തനങ്ങളിലൂടെ...



























Rotary


NATIONAL AYURVEDA DAY
Rotary
Club of Pilathara


NATIONAL AYURVEDA DAY








Rotary
Club of Pilathara


Rotary
Club of Pilathara
THE MAGIC OF ROTARY






Galaxy A53 5G










OFFICE
Rotary

# മനം നിറച്ച മസിനഗുഡിയിലൂടെ...



ആൻ വസന്ത
പുരുഷോത്തമൻ

മസിനഗുഡി വഴി ഊട്ടിയിലേക്ക്..........കുറച്ചു നാളുകളായി ഞാനും ആഗ്രഹിക്കുന്നു അങ്ങനെ ഒരു യാത്ര. പ്രകൃതി ഭംഗി കൊണ്ടും തണുത്ത കാലാവസ്ഥ കൊണ്ടും ഊട്ടി എന്നും എല്ലാവരുടെയും ആകർഷണ കേന്ദ്രം തന്നെയാണ്. ഞങ്ങൾ റോട്ടറി ക്ലബ്ബിലെ Anns ഇത്തവണ അങ്ങോട്ട് തന്നെ പോകാൻ തീരുമാനിച്ചു. 2025 ഫെബ്രുവരി 1 ശനിയാഴ്ച രാവിലെ 4 മണിക്ക് ഞങ്ങൾ 10 പേർ പിലാത്തറയിൽ നിന്ന് Tripmate Traveller ൽ യാത്ര പുറപ്പെട്ടു. ബത്തേരി കഴിഞ്ഞപ്പോൾ പ്രഭാത ഭക്ഷണവും കഴിച്ച് പാട്ടു പാടി നൃത്തം ചെയ്ത് ഞങ്ങൾ യാത്ര തുടർന്നു . തമിഴ് പട്ടണമായ ഗൂഡല്ലൂർ എത്തി. അവിടെ നിന്ന് മസിനഗുഡി വഴി ഊട്ടിയിലേക്ക് പുറപ്പെട്ടു. ജംഗ്ൾ സഫാരി ആവേശകരമായിരുന്നു. ജീപ്പിൽ ഇരുന്നുള്ള ട്രക്കിങ് ഞങ്ങൾ നന്നായി ആസ്വദിച്ചു. മാൻകൂട്ടങ്ങളെയും മയിലുകളെയും കുരങ്ങന്മാരേയും വഴിയോരക്കാഴ്ചകൾക്കിടയിൽ കണ്ടു. വന്യജീവിസങ്കേതത്തിനിടയിൽ കൂടി പോകുമ്പോൾ അല്പം ഭയവും ഉണ്ടായിരുന്നു. മസിനഗുഡിയിലെ തേയില തോട്ടങ്ങൾ കണ്ടപ്പോൾ വണ്ടി നിർത്തി ഫോട്ടോകൾ എടുത്തു. ചുരങ്ങൾ കയറി പോകുമ്പോൾ ചില ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായെങ്കിലും അത് കാര്യമാക്കാതെ രണ്ടു ഭാഗത്തെയും മനോഹര കാഴ്ചകൾ കണ്ടു കൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. ഞങ്ങളെ നോക്കി ചിരിക്കുന്ന കൊടുമുടികൾ, മാനംമുട്ടെ വളർന്നു നിൽക്കുന്ന മരങ്ങൾ എന്നിങ്ങനെയുള്ള സുന്ദര കാഴ്ചകൾ കണ്ടുകൊണ്ട് ഞങ്ങൾ ഊട്ടിയിൽ എത്തിച്ചേർന്നു.

അസ്തമയ ശോഭയിൽ ഊട്ടി എന്ത് സുന്ദരിയായിരിക്കുന്നു! തണുത്ത കാറ്റുവീശി തുടങ്ങുമ്പോഴേക്കും ശരീരത്തിനും മനസ്സിനും കുളിര് !! ഞങ്ങൾക്ക് താമസിക്കാൻ തെരെഞ്ഞെടുത്തത് ഒരു വില്ല ആയതു കൊണ്ട് ഞങ്ങൾ ഒരു കുടുംബത്തിലെ അംഗങ്ങളെപോലെ അന്നു രാത്രി സന്തോഷത്തോടെ കഴിച്ചു കൂട്ടി. വില്ലയിലെ ബാൽക്കണിയിൽ നിന്നുകൊണ്ട് രാത്രി കാഴ്ചകൾ കണ്ടു മനംനിറച്ചു. രാത്രി ഭക്ഷണ ശേഷം camp fire ന് ചുറ്റും ഒത്തുകൂടി പാട്ടുപാടിയും നൃത്തം വെച്ചും വളരെ വൈകിയാണ് ഉറങ്ങിയത്.

പിറ്റേന്ന് രാവിലെ തന്നെ ഊട്ടിയുടെ സൗന്ദര്യം ആസ്വദിക്കാനായി ഞങ്ങൾ പുറപ്പെട്ടു. തണുത്ത കാറ്റും ആസ്വദിച്ചു കൊണ്ട് ഊട്ടി തടാകത്തിലെ ബോട്ട് യാത്ര രസകരമായിരുന്നു. പൈക്കര ഡാമിന് അടുത്തെത്തിയപ്പോൾ ഇളനീർ കഴിച്ച് ക്ഷീണം തീർത്തു. View point ലേക്ക് നടന്നു കയറി ഊട്ടിപ്പട്ടണത്തിൻറെ സൗന്ദര്യം മുഴുവനായി നോക്കി കണ്ടു. ഏറ്റവും കൂടുതൽ ആകർഷകമായി തോന്നിയത് ഊട്ടി ബൊട്ടാണിക്കൽ ഗാർഡൻ തന്നെ. ചെടികളും പൂക്കളും മരങ്ങളും പച്ചപുൽത്തകിടികളും........എല്ലാം നയന മനോഹര കാഴ്ചകൾ. പൂന്തോട്ടത്തിനു പുറത്തുള്ള ഷോപ്പിംഗ് ഏരിയയിൽ നിന്ന് ചോക്ലേറ്റും സ്വെറ്ററുമൊക്കെ വിലപേശി വാങ്ങി. നീലഗിരിക്കുന്നുകളുടെ വിശാലമായ പ്രകൃതി ദൃശ്യങ്ങൾ ആസ്വദിക്കുന്നതിനൊപ്പം പൈൻ മരക്കാടുകളുടെ മനോഹരമായ അന്തരീക്ഷവും ഞങ്ങൾ ആസ്വദിച്ചു. പ്രിയപ്പെട്ടവരോടൊപ്പം മരങ്ങൾക്കിടയിലൂടെ അലഞ്ഞു നടന്നും നൃത്തം ചെയ്തും നിമിഷങ്ങൾ അവിസ്മരണീയമാക്കി.

എത്രയോ സിനിമകളിൽ കണ്ട ഷൂട്ടിങ് പോയിന്റിൽ ഞങ്ങൾ എത്തുമ്പോൾ സന്ദർശകരുടെ തിരക്കായിരുന്നു. കുന്നിൻ മുകളിലും ചെരിവുകളിലും കുറേ സമയം നടന്നു. ഊട്ടിയിലെ കുളിർകാറ്റും പ്രകൃതി ഭംഗിയും പറഞ്ഞറിയിക്കാൻ കഴിയാത്ത വിധം മനോഹരമായിരുന്നു. മറക്കാനാവാത്ത മധുരം നിറഞ്ഞ ഒരുപിടി ഓർമ്മകൾ സമ്മാനിച്ചു കൊണ്ടുള്ള ഈ യാത്ര അവസാനിച്ചത് ഇനിയൊരു യാത്ര കൂടി പോകണമെന്ന തീരുമാനത്തോടെ ആയിരുന്നു. ഒരു യാത്രയെ പൂർണമാക്കുന്നത് കാഴ്ചകളുടെ നിറവ് മാത്രമല്ല, കൂടെയുള്ളവരുടെ ഒത്തൊരുമ കൂടിയാണെണെന്ന് ഈ യാത്ര മനസ്സിലാക്കി തന്നു.



# ആരാണു നീ ?



ആൻ തങ്കമണി
ദാമോദരൻ

ആരാണു നീയെനിക്കാരാണു നീ ?
'എന്റെ ചിന്തകളിലെപ്പോഴും
താങ്ങായി, തണലായി അരുമയായി
എന്നെ നയിക്കുന്ന സാരഥിയോ ?
ആരാണു നീയെനിക്കാരാണു നീ?

ഞാൻ നടക്കും വീഥികളിൽ
തണൽ മരമായി നീ......
എന്റെ കിനാവുകളെ
സത്യങ്ങളാക്കി നീ.....
ഞാൻ നുകർന്ന പൂവുകളിൽ
മധുവായ് വന്നു നീ....
ആരാണു നീയെനിക്കാരാണു നീ ?

രാവിന്റെ അന്ത്യയാമങ്ങളിൽ
നിദ്ര എന്നെ തഴുകി തുടങ്ങുമ്പോൾ
വന്നു നീ എന്റെ സ്വപ്നങ്ങളിൽ
തേൻ മഴയായ്, ആർദ്ര സംഗീതമായ്
ആരാണു നീയെനിക്കാരാണു നീ ?

സ്വപ്നങ്ങളിലെന്നും നീ മാത്രമാണെന്ന്
ഞാനിന്നറിയുന്നു
കദനങ്ങളിൽ യാഥാർത്ഥ്യമുണ്ടെന്ന
നോവുന്ന സത്യങ്ങൾ
ഞാനിന്നറിയുന്നു.....
നീയെന്റെ മൗനാനുരാഗത്തിൻ
നൊമ്പരമോ പറയൂ......
ആരാണു നീയെനിക്കാരാണു നീ ?

# ഒരു കൊറോണക്കാല ഓർമ്മകൾ...



ആൻ സതി അരവിന്ദ്

രാവിലെ ഒന്നിച്ച് ജോലിക്ക് പോകുന്ന ബീന എന്നും ലീന എന്നും പേരുള്ള രണ്ടു കൂട്ടുകാരികൾ മൂന്നുമാസത്തെ ലോക്ഡൗണിന് ശേഷം വീണ്ടും കണ്ടുമുട്ടി. കഴിഞ്ഞ മൂന്നുമാസം എങ്ങിനെ വീട്ടിൽ കഴിച്ചുകൂട്ടി എന്ന് സംസാരിച്ചു നടക്കുകയായിരുന്നു രണ്ടുപേരും.

മുന്നിൽ ആൾക്കാർ വരുന്ന സമയം ലീന ഇടയ്ക്കിടെ മാസ്ക് താഴ്ത്തി സംസാരിക്കുന്നത് ബീന ശ്രദ്ധിക്കാറുണ്ടെങ്കിലും ചോദിക്കാറില്ല. ചോദിക്കാൻ തുടങ്ങുമ്പോഴേക്കും പഴയതുപോലെ തിരിച്ചിടുന്നുണ്ടാവും. അതുകൊണ്ട് അത്ര കാര്യമാക്കാറില്ല.

അങ്ങിനെ ദിവസങ്ങൾ കടന്നുപോയി. പെട്ടെന്ന് ഒരു പോലീസ് ജീപ്പ് ഇവരുടെ മുന്നിൽ വന്നു നിന്നു. ഇവരുടെ സംസാരത്തിനിടയിൽ ലീനയ്ക്ക് പെട്ടെന്ന് മാസ്ക് കയറ്റി ഇടാൻ പറ്റിയില്ല. എന്താണ് മാസ്ക്ക് ഇടാതെ നടക്കുന്നത് എന്നതിനെക്കുറിച്ചും, ഈ കൊറോണ സമയത്ത് ഇങ്ങനെ ഇടാതെ നടന്നാൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ചും പോലീസ് വിശദമായി സംസാരിച്ചു.

കൂടെയുണ്ടായിരുന്ന ബീനക്ക് പോലീസിന്റെ ശകാരവും ഉപദേശവും കേട്ട് വല്ലാതെ സങ്കടം വന്നു.

പോലീസിന്റെ നിർത്താതെയുള്ള ശകാരം കേട്ടപ്പോൾ ബീനക്കും സഹിക്കാൻ പറ്റാതായി അവസാനം ലീന ആ സത്യം തുറന്നു പറഞ്ഞു പോലീസിനോട്. "എന്റെ പൊന്നു സാറേ 1000 രൂപയോളം വരുന്ന ലിപ്സ്റ്റിക്ക് വാങ്ങി വെച്ചിട്ട് മാസം കുറേയായി. ഇനി വീണ്ടും എപ്പോഴാ എല്ലാം അടച്ചുപൂട്ടുക എന്ന് പറയാൻ പറ്റില്ല. കിട്ടിയ സമയം ഞാൻ ലിപ്സ്റ്റിക് ഉപയോഗിക്കാൻ തുടങ്ങി. എന്നിട്ട് അതിനുമുകളിൽ മാസ്കും ധരിച്ചു നടന്നാൽ എങ്ങനെ സമാധാനം കിട്ടും സാറേ നാലാൾ കാണണ്ടേ". ഇത് കേട്ടപ്പോൾ ബീനക്ക് ലീനയെ കടിച്ചു തിന്നാൻ ഉള്ള ദേഷ്യം വന്നു. ഇതൊക്കെ കേട്ട് പോലീസുകാർ ഒരക്ഷരം മിണ്ടാൻ പറ്റാത്ത അവസ്ഥയിൽ ആയിപ്പോയി എന്താ ജനങ്ങൾ ഇങ്ങനെ. പിന്നെ പോലീസുകാർ പരസ്പരം പിറുപിറുത്തു. ഇതാണ് ലോകം. പിന്നെ എങ്ങനെ കൊറോണ വ്യാപനം തടയാൻ പറ്റും എങ്ങിനെ നമ്മുടെ നാട് നന്നാകും പോലീസുകാർ തിരിച്ചുപോകുമ്പോൾ ഒന്നുകൂടി ഉപദേശിച്ചു. ദയവു ചെയ്തു വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ മൂക്കും വായയും കവർ ചെയ്തു മാസ്ക് ധരിക്കണം. അതും അത്യാവശ്യത്തിന് മാത്രം കൈകൊണ്ട് മാസ്ക് തൊടുക. മാസ്ക് ധരിക്കുന്നതിന് മുമ്പും പിമ്പും സാനിറ്റൈസർ കൊണ്ട് കൈ വൃത്തിയാക്കുക സാമൂഹിക അകലം പാലിക്കുക. വീട്ടിൽ തിരിച്ചെത്തിയാൽ സ്വയം ശുദ്ധി വരുത്തിയിട്ട് മാത്രം മറ്റു ജോലികളിൽ ഏർപ്പെടുക. ബീന പറഞ്ഞു ഇതൊക്കെ ഞാൻ ചെയ്യാറുണ്ട് സാറേ ലിപ്സ്റ്റിക് വരുത്തിവെച്ച ഒരു വിന....എന്താ അല്ലേ !?

കൊറോണ വന്നിട്ട് വർഷം കുറെ ആയെങ്കിലും ഇന്നും ജനങ്ങൾ പല രോഗഭീഷണിയും പിന്തുടരുകയാണ്. അപ്പോ മാസ്ക് നമുക്ക് തുടരുക തന്നെ ചെയ്യാം. നമ്മുടെ ആരോഗ്യം നമ്മൾ തന്നെ സംരക്ഷിക്കണം ഒപ്പം മറ്റുള്ളവരെയും സംരക്ഷിക്കാൻ നാം ഓരോരുത്തരും മുന്നോട്ടു വരിക. സേവനം അതാണ് റോട്ടറിയുടെയും നാം ഓരോരുത്തരുടെയും ലക്ഷ്യം.



# കരുത്തോടെ...

ആൻ ദീപ ഗിരീഷ്,

“ഒരിക്കലും നേതാക്കൾക്കായി കാത്തിരിക്കരുത് ഏത് കാര്യവും തനിയെ ചെയ്യുക, ചെറിയ കാര്യങ്ങളിൽ പോലും വിശ്വസിക്കുക. കാരണം അതായിരിക്കും നിങ്ങളുടെ ശക്തിയുടെ ഉറവിടം”. മദർ തെരേസയുടെ ഈ വാക്കുകൾ നാം ഓരോ സ്ത്രീയും ഹൃദയത്തിൽ സൂക്ഷിക്കേണ്ടവയാണ്. ആത്മവിശ്വാസം കാത്തുസൂക്ഷിച്ചു കൊണ്ട് പ്രവർത്തിക്കാൻ ഈ വനിതാദിനത്തിൽ നാം ഓരോ സ്ത്രീയും പ്രതിജ്ഞ എടുക്കേണ്ടിയിരിക്കുന്നു. മലാല യൂസഫ് സായി പറഞ്ഞതുപോലെ “നിശ്ബ്ദരാക്കപ്പെടുമ്പോൾ മാത്രമാണ് നാം പലപ്പോഴും ശബ്ദത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നത്”. നമ്മെ നിശബ്ദരാക്കാൻ, നമ്മുടെ പ്രവർത്തനങ്ങളെ വിഘ്നപ്പെടുത്താൻ പല ബാഹ്യശക്തികളും അക്ഷീണം പ്രയത്നിക്കും. നമുടെ ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ നാം ആരെയും ഭയപ്പെടേണ്ടതില്ല. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ സാമൂഹ്യ പുരോഗതി സമൂഹത്തിന്റെ സ്ത്രീകളെക്കുറിച്ചുള്ള ചിന്തകളിലും ഒരളവുവരെ മാറ്റം വരുത്താൻ സഹായിച്ചിട്ടുണ്ട്. ഇന്ന് മിക്ക സ്ത്രീകൾക്കും സ്വാശ്രയത്വം കൈവരിക്കാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. സ്വന്തമായി വരുമാന മാർഗ്ഗം ഉണ്ടാക്കുവാൻ സ്ത്രീകൾക്ക് സാധിക്കണം. പുരുഷനെ ആശ്രയിച്ച് ജീവിക്കണമെന്ന പൊതുധാരണ മാറ്റാൻ ഓരോ സ്ത്രീയും മുന്നോട്ടു വരേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങൾ സ്ത്രീമുന്നേറ്റത്തിന് നൽകിയ പ്രചോദനം ഏറെ വലുതാണ്. റോട്ടറി ക്ലബിനെ സംബന്ധിച്ച് ആൻസ് ഫോറത്തിന്റെ പങ്ക് നിർണായകമാണ്. ക്ലബിന്റെ ഓരോ പ്രവർത്തനങ്ങളിലും ആൻസ് ഫോറത്തിന്റെ ചാലകശക്തിക്ക് ഏറെ പ്രാധാന്യമുണ്ട്. ഇനിയും കരുത്തോടെ വർദ്ധിത വീര്യത്തോടെ മുന്നോട്ട് കുതിക്കാൻ ഓരോ വനിതാ ദിനങ്ങളിലൂടെയും നമുക്ക് സാധിക്കട്ടെ......







# ഒരു സിംഗപ്പൂർ യാത്ര:



RTN. വിമല
ഉണ്ണികൃഷ്ണൻ

2014 ഏപ്രിൽ 24 ന് പുലർച്ചെ 1.40ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും സിൽക് എയർ വിമാനത്തിൽ ഞാനും ഉണ്ണിയേട്ടനും സിംഗപ്പൂരിലേക്ക് യാത്ര പുറപ്പെട്ടു. പിറ്റേ ദിവസം രാവിലെ സിംഗപ്പൂർ സമയം 8.15 ന് ചാംഗി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനമിറങ്ങി ലോകത്തിലെ ഏറ്റവും  ഉയർന്ന നിലവാരമുള്ള വിമാനത്താവളങ്ങളിൽ ഒന്നാം സ്ഥാനത്താണ് 'ചാംഗി: മോനും മോളും കൊച്ചുമോളും വിമാനത്താവളത്തിൽ ഞങ്ങളെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. നമ്മുടെ സമയത്തേക്കാൾ രണ്ടര മണിക്കൂർ മുന്നിലാണ് സിംഗപ്പൂർ സമയം. ബഫോക്ക് റിസർവോയർ റോഡിലുള്ള താമസ സ്ഥലത്തേക്ക് ഞങ്ങൾ കാറിൽ യാത്ര തുടർന്നു വീട്ടിലെത്തി ഭക്ഷണത്തിനും വിശ്രമത്തിനും ശേഷം വൈകുന്നേരംബഡോക് മാളിലുള്ള മാസ് റാപ്പിഡ് ട്രാൻസിറ്റ് (MRT) ൽ പോയി അത്യാവശ്യ സാധനങ്ങളും വാങ്ങി ഭക്ഷണവും കഴിച്ച് വീട്ടിൽ വൻ സുഖമായി ഉറങ്ങി.......ഏകദേശം 734 സ്ക്വയർ കിലോമീറ്റർ വിസ്തീർണമുള്ള ഒരു ദ്വീപാണ് സിംഗപ്പൂർ ധാരാളം മഴ കിട്ടുന്ന സ്ഥലം പെയ്തു വീഴുന്ന ഓരോ തുള്ളിയും കനാൽ വഴി റിസർവോയറിലേക്ക് തിരിച്ചു വിട്ടാണ് കുടിവെള്ള പദ്ധതിക്കും മറ്റാ വശ്യ ങ്ങൾക്കും ഉപയോഗിക്കുന്നത്. നല്ല പച്ചപ്പുള്ള പുൽമേടുകളും ചെറുകാടുകളും മരങ്ങളും പൂക്കളും കളിസ്ഥലങ്ങളുമുള്ള, സുന്ദരമായ നഗരമാണ് സിംഗപ്പൂർ. ചൈനീസും ഇംഗ്ലീഷും, മലൈയും, തമിഴുമാണ് ഇവിടുത്തെ പ്രധാന ഭാഷകൾ 'ജനങ്ങൾ ഭൂരിഭാഗവും ചൈനക്കാരും മലയക്കാരും ഇന്ത്യൻ വംശജരുമാണ്. മലയാളികൾ താരതമ്യേന കുറവാണ്. മോന്റെയും മോളുടെയും അവധി ദിവസങ്ങളിലാണ് ഞങ്ങളുടെ യാത്രകൾ :ജുറോങ്ങ് ബേർഡ്സ് പാർക്ക്, മറീന ബേ, സിംഗപ്പൂർ സൂ , ഇന്ത്യക്കാർ ഒരു പാട് താമസിക്കുന്ന ലിറ്റിൽ ഇന്ത്യ / മുസ്തഫ മാൾ,സെൻഡോസ , സിലോസ ബീച്ച് , മറീസഗാർഡൻ ബേയിലുള്ള ഫ്ലവർ ഡോം , ക്ലൗഡ് ഫോറസ്റ്റ്, മെറീന ബേസാൽഡ്സ് വിദേശികൾ താമസിക്കുന്ന സുന്ദര നഗരമായ ഓർച്ചാഡ് സിറ്റി, ചാംഗി ബീച്ച് & പാർക്ക് ഇവയാണ് പ്രധാന കാഴ്ചകൾ . ധാരാളം ആരാധനാസ്ഥലങ്ങളും ഉണ്ട്. ജനപ്രീതി ആർജിച്ച മറ്റൊരു കാഴ്ചയാണ് മെറീന ബേയിലുള്ള വെള്ളം തുപ്പുന്ന മെർ ലയൺ . മീനിന്റെ ശരീരവും സിംഹത്തിന്റെ തലയുമുള്ള മെർലയൺ സിംഗപ്പൂരിന്റെ ഭാഗ്യദാതാവാണെന് അവർ വിശ്വസിക്കുന്നു ഇത് സിംഗപ്പൂരിന്റെ 'ചിഹ്നം കൂടിയാണ്.

നല്ല അച്ചടക്കവും മാനുഷിക പരിഗണനയും ഭരണാധികാരികളെ അനുസരിക്കുന്ന നിയമങ്ങൾ കർശനമായി പാലിക്കുന്ന ഒരു ജനതയാണ് ഇവിടെയുള്ളത് വൃത്തിയിൽ 'വളരെ മുന്നിലാണ് ഈ രാജ്യം. ഡ്രൈവർമാർ ഇല്ലാത്ത ട്രെയിനുകൾ ഉൾപ്പെടെ മികച്ച ഗതാഗത സംവിധാനമാണ് ഇവിടെ ഉള്ളത് ടെലോക് കുറാവ് പ്രൈമറി സ്കൂളിന്റതൊട്ടടുത്താണ് ഞങ്ങളുടെ ഫ്ലാറ്റ്. അതിനാൽ സിംഗപ്പൂർ മാജുല എന്ന ദേശീയഗാനം എന്നും കേൾക്കാമായിരുന്നു. ഈ സ്കൂളിലാണ് കൊച്ചുമകൾ പഠിക്കുന്നത്.

നമ്മുടെ വളരെ അടുത്തുള്ള നാടാണ് ഇത്. 4 മണിക്കൂർ മാത്രം ആകാശ യാത്ര ചെയ്താൽ ഈ രാജ്യത്ത് എത്താം. അഭിവൃദ്ധിയിലും സമാധാനത്തിലും വൃത്തിയിലും മുൻപന്തിയിൽ നിൽക്കുന്ന ഈ നാട് കാണേണ്ടതു തന്നെയാണ്. നമ്മുടെ കൊച്ചു കേരളം എപ്പോഴാണ് ഈ നിലയിൽ എത്തുക എന്ന് ചിലപ്പോഴെങ്കിലും ചിന്തിച്ചു പോകും.



## ആൻസ് ഫോറം ഭാരവാഹികൾ



**Rtn. PHF സി.കെ.പുരുഷോത്തമൻ**
(പ്രസിഡന്റ്, പിലാത്തറ റോട്ടറി ക്ലബ്)



**Rtn, PHF സുനിൽ ഡി. കൊട്ടാരത്തിൽ**
(സെക്രട്ടറി, പിലാത്തറ റോട്ടറി ക്ലബ്)



**ആൻ ദീപ ഗിരീഷ്**
(പ്രസിഡന്റ്)



**ആൻ സുഹാസിനി രവീന്ദ്രൻ**
(വൈസ് പ്രസിഡന്റ്)



**ആൻ തങ്കമണി ദാമോദരൻ**
(സെക്രട്ടറി)



**ആൻ സതി അരവിന്ദ്**
(ട്രഷറർ)

## ആൻസ് ഫോറം






